മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷ്വറൻസ്

2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം – ആശ്രിതർക്ക് ധനസഹായം

3. വിവാഹ ധനസഹായം

4. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം

5. വാർദ്ധക്യകാല പെൻഷൻ

6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ധനസഹായ പദ്ധതി.

7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം.

8. എസ്.എസ്.എൽ.സി. ക്ക് ക്യാഷ് അവാർഡും തുടർവിദ്യാഭ്യാസത്തിന് ധനസഹായവും.

9. കുടുംബ സംവിധാന പദ്ധതി

10. മാരകരോഗ ചികിത്സാപദ്ധതി.

11. സാനിട്ടേഷൻ പദ്ധതി.

12. ചെയർമാൻസ് റിലീഫ് ഫണ്ട്

13. നേത്രജ്യോതി

14. ബോർഡിന്റെ പ്രത്യേക ധനസഹായം

15. പ്രസവശുശ്രൂഷയ്ക്കുള്ള സഹായ പദ്ധതി.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

14 (*244) ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുവാൻ നടപടി

ശ്രീ. എൻ. കണ്ണൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പല ചരിത്ര സ്മാരകങ്ങളും അവഗണിക്കപ്പെടുന്നതിന്റെ ഫലമായി നശിച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ;

(സി) ചരിത്ര സ്മാരകങ്ങളുടെ ചരിത്ര പശ്ചാത്തലം സൂചിപ്പിക്കുന്ന ആലേഖനങ്ങൾ ഉൾക്കൊള്ളിക്കുവാനും പ്രസ്തുത സ്മാരകങ്ങൾ സംരക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് ഏതെല്ലാം ചരിത്ര സ്മാരകങ്ങൾക്ക് ഇപ്പോൾ ഗ്രാന്റ് നൽകി വരുന്നു;

(ഇ) ചരിത്രസ്മാരകങ്ങൾ സൂക്ഷിക്കുന്നതിന് വാച്ചർമാരേയും ഗൈഡുമാരേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുന്നതിന് ടൂറിസ്റ്റുകൾക്ക് അനുവാദം നൽകുമോ;

(ജി) സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ ചരിത്ര സ്മാരകങ്ങളാണ് സംരക്ഷിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങളിൽ ദേശീയ പ്രാധാന്യമുള്ളവയല്ലാത്ത പ്രാചീന സ്മാരകങ്ങളും, പുരാവസ്തു സങ്കേതങ്ങളും, പുരാവശിഷ്ടങ്ങളും, വിശദമായ പഠനം നടത്തി, ആവശ്യമെന്നു കണ്ടാൽ 1968-ലെ 'കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്' പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് സംരക്ഷിച്ചു വരുന്നു. ഇത് സംബന്ധിച്ച് ഒരു പൈതൃക സംരക്ഷണ നിയമം പുതിയതായി കൊണ്ടുവരുന്ന കാര്യവും ആലോചനയിൽ ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംരക്ഷിത സ്മാരകങ്ങളിൽ അവയുടെ ചരിത്ര പശ്ചാത്തലം സൂചിപ്പിക്കുന്ന ആലേഖനങ്ങൾ ഉൾക്കൊള്ളിക്കാറുണ്ട്.

(ഡി) സംരക്ഷിത സ്മാരകങ്ങൾക്കൊന്നും സർക്കാരിൽനിന്നും ഗ്രാന്റ് നൽകുന്നില്ല.

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ടൂറിസ്റ്റുകൾക്ക് അനുവാദം നൽകിവരുന്നുണ്ട്.

(ജി) സംസ്ഥാനത്ത് ഇപ്പോൾ 84 സ്മാരകങ്ങൾ സംരക്ഷിച്ചുവരുന്നുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

15 (*245) തരിശുഭൂമി വികസന പരിപാടി

ശ്രീ. സത്യൻമൊകേരി :
പ്രൊഫ. മീനാക്ഷിതമ്പാൻ :
ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശുഭൂമിവികസന പരിപാടികൾക്ക് ദേശീയ തരിശുഭൂമി വികസന ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന പാസ്സാക്കി ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു. വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999- 2000 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലായ് മാസം 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.)

അനുബന്ധം - I

1.7.1999 ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 14 (*244) ദയവായി കാണുക

സംരക്ഷിതസ്മാരകങ്ങൾ - കേരള പുരാവസ്തു വകുപ്പ്

തിരുവനന്തപുരം

1. മുടവൂർപ്പാറ വെട്ടുകൽ ഗുഹാക്ഷേത്രം
2. തിരുനാരായണപുരം വിഷ്ണുക്ഷേത്രം
3. ത്രിവിക്രമമംഗലം ക്ഷേത്രം
4. നീറമൺകര ക്ഷേത്രം
5. തിരുവനന്തപുരം കോട്ട
6. വിഴിഞ്ഞം ഭഗവതി ക്ഷേത്രം
7. വിഷ്ണുക്ഷേത്രം അരുവിക്കര
8. അമ്മച്ചിപ്ലാവ്, നെയ്യാറ്റിൻകര
9. കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്
10. ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജന്മസ്ഥലം -കണ്ണമ്മൂല
11. അയ്യപ്പിള്ള - അയ്യനിപ്പിള്ള ആശാൻ സ്മാരകം - കോവളം
12. ശ്രീപത്മനാഭക്ഷേത്രത്തിനുചുറ്റുമുള്ള കോട്ടയും കോട്ടവാതിലുകളും
13. പാണ്ഡവൻ - പെരുങ്ങടവിള
14. വഞ്ചിയൂർ വില്ലേജിൽപ്പെട്ട തിരുവനന്തപുരം കോട്ടയുടെ ഭാഗങ്ങൾ

കൊല്ലം ജില്ല

15. മഹാശിലായുഗ ശ്മശാനം - പുതുകര
16. കോട്ടുകൽ വെട്ടുകൽഗുഹാക്ഷേത്രം - ചടയമംഗലം
17. ചാത്തമത്ത് ക്ഷേത്രം - ചാത്തന്നൂർ

LIBRARY ARCHIVES Kerala Legislative Assembly

18. മാടൻകാവ് - മങ്ങാട് കൊല്ലം
19. പുനലൂർ തൂക്കുപാലം

ആലപ്പുഴ ജില്ല

20. ബുദ്ധവിഗ്രഹം, കൃഷ്ണപുരം കൊട്ടാരം
21. തൃക്കാക്കുടി വെട്ടുകൽ ഗുഹ
22. ബുദ്ധവിഗ്രഹം, മാവേലിക്കര
23. കരുമാടിക്കുട്ടൻ, ആലപ്പുഴ,
24. ബുദ്ധവിഗ്രഹം, ഭരണിക്കാവ്
25. നരസിംഹക്ഷേത്രം, ചെങ്ങന്നൂർ
26. കൃഷ്ണപുരം കൊട്ടാരം, കായംകുളം

എറണാകുളം ജില്ല

27. കരിക്കോട് അണ്ണാമലനാഥർ ക്ഷേത്രം
28. ശിലാലിഖിതം ചേന്നമംഗലം
29. പള്ളിപ്പുറ കോട്ട
30. മഞ്ഞപ്ര ക്ഷേത്രം
31. കല്ലിൽ ഗുഹാക്ഷേത്രം കുന്നത്തുനാട്
32. കോട്ടയിൽ കോവിലകം - ചേന്നമംഗലം
33. വൈപ്പിക്കോട്ട സെമിനാരി - ചേന്നമംഗലം
34. ശിലാലിഖിതം - പറവൂർ
35. പഴയ കച്ചേരികെട്ടിടം - യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ
36. പാഴൂർ പെരുംതൃക്കോവിൽ
37. ഉളിയന്നൂർ മഹാദേവക്ഷേത്രം
38. അരിയിട്ടുവാഴ്ച കോവിലകം - മട്ടാഞ്ചേരി
39. ഊരമന ക്ഷേത്രം
40. ശിവനാരായണ ക്ഷേത്രം, തിരുനായത്തോട്.

തൃശൂർ ജില്ല

41. പോർക്കളം മഹാശിലായുഗ കല്ലറകൾ
42. കിഴ്ത്താളി ക്ഷേത്രം
43. വടക്കേച്ചിറ കൊട്ടാരവളപ്പിലെ നാഗരാജ നാഗയക്ഷി വിഗ്രഹങ്ങൾ
44. വടക്കേച്ചിറ കൊട്ടാരവളപ്പിൽ - കോഴിക്കോട് സാമൂതിരിയുടെ ശവകുടീരം
45. ശക്തൻതമ്പുരാന്റെ ശവകുടീരം - വടക്കേച്ചിറകൊട്ടാരം
46. കൊച്ചിരാജാവായിരുന്ന രാമവർമ്മ മഹാരാജാവിന്റെ ശവകുടീരം
47. ചേരമാൻപറമ്പ്
48. അരിയന്നൂർ ക്ഷേത്രം
49. നെടുംകോട്ടയും അവശിഷ്ടം - കിഴക്കുമുറി

LIBRARY ARCHIVES Kerala Legislative Assembly

50. മഹാശിലായുഗ ഏകശിലാസ്മാരകം - കുറ്റൂർ

51. വടക്കേച്ചിറ കൊട്ടാരത്തിന്റെ പടിഞ്ഞാറേവാതിൽ

52. വടക്കേച്ചിറകൊട്ടാരത്തിന്റെ കിഴക്കേവാതിൽ

53. ടിപ്പുവിന്റെ കൊടിമരം

54. കോടശ്ശിര പറമ്പിക്കുളം വനത്തിനുള്ളിലെ താഴെപ്പറയുന്ന സ്മാരകങ്ങൾ

1. ആനപ്പന്തയിലെ കല്ലറ
2. പുതുപ്പാറയിലെ കല്ലറ
3. പുതുപ്പാറയിൽ ട്രാവൻകൂർലൈനിന് അടുത്തുള്ള കല്ലറ
4. മൈലാടപ്പുരിലെ മുനിയറ

പാലപ്പിള്ളി സബ് റേഞ്ച്

5. ഗണപതി വിഗ്രഹം - ഇലിക്കോട്
6. തകർന്ന വിഷ്ണുക്ഷേത്രം ത്രിക്കൂർ ബീറ്റ്
7. ബന്ദമലയിലെ ശിവക്ഷേത്രം
8. വടക്കിണർ - ബന്ദമല

കോടശ്ശേരി എളിപ്പാറ ബീറ്റ്

9. മുനിപ്പാറ - 6 മുനിയറകൾ
10. ചെന്ദ്രായി - 3 മുനിയറകൾ
11. കൂനംകുഴിക്കര - 2 മുനിയറകൾ
12. അടിയാപ്പള്ളി - 1 മുനിയറ

കോർമലബീറ്റ്
ചുർമല ബീറ്റ്

13. വാലത്തുതങ്ങ് - 2 മുനിയറകൾ
14. ഇരപ്പനപ്പാറ - 3 മുനിയറകൾ

തൃശ്ശൂർ ഫോറസ്റ്റ് റേഞ്ച്
നെന്മാറ

15. ഗുഹാക്ഷേത്രം - നെൻമാറയ്ക്കുസമീപം
16. വൈലത്താൻപാറ - 1 മുനിയറ
17. അത്തനാടുകുന്ന്- തകർന്ന ശിവക്ഷേത്രം

പറവത്താനി

18. തങ്ങിക്കാട് - രണ്ടു മുനിയറകൾ
19. അടുക്കളപ്പാറ - 1 മുനിയറ
20. വെർട്ടിലപ്പാറ - 2 മുനിയറകൾ
21. വാണിയംപാറ - 1 മുനിയറ
22. കൈവിക്കാട് - 1 മുനിയറ
23. പെരുന്താവർ - 15 മുനിയറകൾ
24. തളിക്കുഴി - 9 മുനിയറകൾ
25. ബാണന്റെ കോട്ടയും ശിവക്ഷേത്രവും സ്ഥിതിചെയ്തിരിക്കുന്ന സ്ഥലം- പന്നാർച്ചേരി

LIBRARY ARCHIVES Kerala Legislative Assembly

	26. കുണ്ടൻതോട് - 1 മുനിയറ
	27. കുണ്ടൻതോട് - 1 മുനിയറ
മെച്ചാട് ഫോറസ്റ്റ് റേഞ്ച്	28. ശിവക്ഷേത്രം - എളനാട് വില്ലേജ്
ചേലക്കര	29. ശിവക്ഷേത്രം - റിസർവ് ചേലക്കരബീറ്റ്
ചെപ്പാട്	30. 3 മുനിയറകൾ - പള്ളംപറത്ത വാഴാനിബീറ്റ്
	31. മൂക്കുന്നിപ്പാറ - 4 മുനിയറകൾ
	32. ചേപ്പാറ - 4 മുനിയറകൾ
	33. തകർന്ന ശാസ്താക്ഷേത്രം - അയ്യപ്പക്കുന്ന്

55. വട്ടെഴുത്ത് ലിഖിതമുള്ള കല്ല് - കല്ലേറ്റുകര

56. മുകുന്ദപുരം ക്ഷേത്രപരിസരത്തുള്ള കിടങ്ങുകളും കോട്ടയും പുരാതന കെട്ടിടങ്ങളുടെ അസ്ഥിവാരങ്ങളും

57. മഹാശിലായുഗകാലത്തെ നടുകല്ല് - വില്ലാവട്ടം

58. മഹാശിലായുഗ കല്ലറ - കർലോൺ മുകുന്ദപുരം

59. ചരിത്രാതീതകാലഗുഹ - കോട്ടപ്പുറം

60. മഹാശിലായുഗസ്മാരകം - പുഴക്കൽ

61. തൃക്കൂർ മഹാദേവക്ഷേത്രം

62. ഇരുനിലക്കോട് ക്ഷേത്രം

63. വടക്കേച്ചിറ കൊട്ടാരത്തിന്റെ തെക്കും വടക്കുമുള്ള കോട്ടകൾ

64. മഹാശിലായുഗസ്മാരകം - മുളങ്കുന്നത്തുകാവ്

65. ശക്തൻ തമ്പുരാൻ കൊട്ടാരം

66. അർണോസ്പാതിരിയുടെ ഭവനവും സെന്റ്ഫെറോന പള്ളിയും

67. കോട്ടപ്പുറം കോട്ട

കോട്ടയം ജില്ല

68. പുണ്ഡരീകപുരം ദേവസ്വം

പാലക്കാട് ജില്ല

69. കാട്ടിൽമാടം

ഇടുക്കി ജില്ല

70. എഴുത്തുപാറ

71. മംഗളാദേവി ക്ഷേത്രം

കോഴിക്കോട് ജില്ല

72. വാസ്കോഡിഗാമ കപ്പലിറങ്ങിയ സ്ഥലം - കാപ്പാട്

73. കുഞ്ഞാലിമരയ്ക്കാരുടെ ഭവനം

74. ടിപ്പുവിന്റെ കോട്ട - പയ്യോളി

75. കല്പത്തൂർ ഭദ്രദേവതാക്ഷേത്രം

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ല

76. പൊയിലിക്കോട്ട

77. ചന്ദ്രഗിരിക്കോട്ട

78. പീലിക്കോട് ഗുഹ

വയനാട് ജില്ല

79. വീരപഴശ്ശിയുടെ ശവകുടീരം

80. എടയ്ക്കൽ ഗുഹ

മലപ്പുറം ജില്ല

81. ശ്രീ വെങ്കിടത്തേവർ ക്ഷേത്രം - കോട്ടയ്ക്കൽ

കണ്ണൂർ ജില്ല

82. എഴിമല കോട്ട

83. തോടീക്കുളം ശിവക്ഷേത്രം - കണ്ണവം

കന്യാകുമാരി ജില്ല -തമിഴ്നാട്

84. പത്മനാഭപുരം കൊട്ടാരം - തക്കല

അനുബന്ധം - II

1.7.1999-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 19 (*249) ദയവായി കാണുക

SUMMARY OF RECOMMENDATIONS

Committee recommends:-

1. Demolition of the old structures in the central press.
2. To abolish the Stamp Manufactory Printing Unit.
3. To shift the present publication unit to the stamp manufactory building.
4. Classify Government Presses and allott works according to classification to suit the installed machinery.
5. Partly Gazette publication in time and also to introduce publication of district Gazettes.
6. Installation of DTP stage by stage in all presses to replace hand composing.
7. Installation of Modern binding machinery to achieve speed production.
8. Installation of Modern Offset printing in 'A' and 'B' classified presses stage by stage.
9. Undertaking of printing of Text Books in 'A' category presses.
10. Adopting strict scrutiny of indance for forms and to conomize usages.
11. Stoppage of opening of further District Forms Stores.
12. Opening of Pakka Mechanical Central workshop for proper maintenance of machines.
13. Revision of Schedule of an outern for evaluation of time sheets of workment.
14. Revision of Cadre and Recruitment rules to ensure better qualified persons enter into various technical cadre.

LIBRARY ARCHIVES Kerala Legislative Assembly